**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലൈബ്രേറിയൻമാരുടെ റേഷ്യോ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സീനിയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ കിട്ടിയ ലൈബ്രേറിയൻമാരെ 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളിലെ ക്രമ നമ്പർ രണ്ട് ആയ ഭരണഘടനയിലെ നോട്ട് ഒന്നിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രൂപ്പ് 3-ലെ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 2 ൽ ഗ്രൂപ്പ് III പ്രകാരമുള്ള ലൈബ്രേറിയൻ ഗ്രേഡ് I, ലൈബ്രേറിയൻ ഗ്രേഡ് II, ലൈബ്രേറിയൻ ഗ്രേഡ് III, ലൈബ്രേറിയൻ ഗ്രേഡ് IV എന്നീ 4 വിഭാഗങ്ങളാണ് ഉള്ളത്. എന്നാൽ 25.03.2006 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 145/2006/ധന പ്രകാരം ടി തസ്തിക 3 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ലൈബ്രേറിയൻ ഗ്രേഡ് I തസ്തിക ലൈബ്രേറിയൻ സെലക്ഷൻ ഗ്രേഡ് എന്നും ലൈബ്രേറിയൻ ഗ്രേഡ് II, ലൈബ്രേറിയൻ ഗ്രേഡ് III എന്നീ തസ്തികകൾ സംയോജിപ്പിച്ച് ലൈബ്രേറിയൻ സീനിയർ ഗ്രേഡ് എന്നും ലൈബ്രേറിയൻ ഗ്രേഡ് IV ലൈബ്രേറിയൻ എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. |
| (ബി) | 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളിലെ ക്രമ നമ്പർ രണ്ട് ആയ ഭരണഘടനയിലെ നോട്ട് ഒന്നിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രൂപ്പ് മൂന്നിലെ 1 മുതൽ 3 വിഭാഗത്തിനെയും സംസ്ഥാന തലത്തിൽ പരിഗണിച്ചിട്ടുള്ളതും എന്നാൽ സീനിയർ ഗ്രേഡ് ആയി പ്രൊമോഷൻ കിട്ടിയ ലൈബ്രേറിയൻമാരെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | സർക്കാർ ഉത്തരവ് (അച്ചടി) 5/2013/ഉഭപവ തീയതി 06.02.2013 പ്രകാരം ജില്ലയിൽ ഒരു വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമാണ് അന്തർജില്ല സ്ഥലംമാറ്റത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ളത്. അത്തരത്തിൽ ലൈബ്രേറിയൻ തസ്തികയിൽ ഒഴിവു ഉണ്ടാകുന്ന മുറയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ആണ് അന്തർജില്ല സ്ഥലം മാറ്റം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ